പി4 /13804/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 14/02/2019

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്:- ന്യൂ ഇനിഷിയേറ്റീവ്സ് ഇൻ ഹയർ എഡ്യൂക്കേഷൻ - WWS/SSP പദ്ധതികൾ - 2018 - 19 ഗവൺമെന്റ് കോളേജുകൾക്ക് അനുവദിച്ച ഫണ്ടിന്റെ സെറ്റിൽമെന്റ് സംബന്ധിച്ച്

സൂചന:- 1. 13/12/2018 - ലെ ഇതേ നമ്പർ സർക്കുലർ

വിവിധ WWS/SSP പ്രോഗ്രാമുകൾക്കായി ഗവൺമെന്റ് കോളേജുകൾക്ക് അനുവദിച്ച ഫണ്ടിന്റെ സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് താഴെപറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. WWS/SSP പ്രോഗ്രാമുകൾക്ക് അനുവദിച്ച ഫണ്ടുകൾ വിനിയോഗിച്ച് 28/02/2019 - ന് മുൻപായി സെറ്റിൽമെന്റ് നടത്തേണ്ടതാണ്.

2. അനുവദിച്ച തുക വിനിയോഗിക്കാത്ത പക്ഷം തുക അനുവദിച്ച ശീർഷകങ്ങളിൽ തന്നെ 15/03/2019 മുൻപായി തുക സറണ്ടർ ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഏതെങ്കിലും കോളേജ് തുക വിനിയോഗിക്കാതെ പി.ഡി.അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ആയത് പിൻവലിച്ച് പ്രസ്തുത ശീർഷകത്തിൽ തുക തിരിച്ചടച്ച് ചെല്ലാന്റെ പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

3. ഫണ്ട് വിനിയോഗം പൂർത്തിയായാലുടൻ തന്നെ പ്രോഗ്രാമുകളുടെ ഗുണഭോക്താക്കളുടെ എണ്ണം (ആൺ കുട്ടികൾ/പെൺകുട്ടികൾ വേർതിരിച്ച്) റിപ്പോർട്ട്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് , ധന വിനിയോഗ സ്റ്റേറ്റ്മെന്റ്, വിദ്യാർത്ഥികളുടെ അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ്, ഫീഡ് ബാക്ക് റിപ്പോർട്ട് എന്നിവയുടെ രണ്ട് പകർപ്പുകൾ സ്റ്റേറ്റ് കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/-
ജയശ്രീ.എം.എ
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

എല്ലാ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾമാർക്കും. //അംഗീകാരത്തോടെ//

സൂപ്രണ്ട്

12103 എസ്.ഒ. 14/02/2019